(സി) സംസ്ഥാനത്തിന്റെ ഉത്തര മേഖലയിലും ദക്ഷിണ മേഖലയിലും ഓരോ പാചകവാതക ബോട്ടിലിംഗ് പ്ലാന്റുകൾ കൂടി സ്ഥാപിക്കുന്നതിനു കൺസ്യൂമർ ഫെഡറേഷൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) കണ്ണൂർ ജില്ലയിൽ പയ്യന്നൂരിനടുത്തുള്ള കാസ്കോൽ വില്ലേജിൽ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കൊല്ലം ജില്ലയിലും ഒരു പ്ലാന്റ് സ്ഥാപിക്കുവാൻ ഫെഡറേഷൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) കൺസ്യൂമർ ഫെഡറേഷൻ പാലക്കാട് സ്ഥാപിച്ച ബോട്ടിലിംഗ് പ്ലാന്റിന്റെ പ്രവർത്തനം 2000 മേയ് 26ന് ആരംഭിച്ചു കഴിഞ്ഞു. കണ്ണൂർ ജില്ലയിൽ കാസ്കോർ എന്ന സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പ്ലാന്റിന്റെ പണി പൂർത്തിയാക്കുവാൻ ഒരു വർഷമെങ്കിലും വേണ്ടിവരും.

(എഫ്) ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ബോട്ടിലിംഗ് പ്ലാന്റിന്റെ ശേഷി ഉപയോഗിച്ച് അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം പേർക്ക് പാചക വാതക കണക്ഷൻ നൽകാനാകും. രണ്ടാമത്തെ പ്ലാന്റു കൂടി പ്രവർത്തന ക്ഷമമാകുന്നതോടെ അടുത്ത രണ്ടു വർഷത്തിനുള്ളിൽ ചുരുങ്ങിയത് രണ്ടു ലക്ഷം പേർക്കെങ്കിലും പാചകവാതക കണക്ഷൻ നൽകാനാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ജി) സഹകരണസ്ഥാപനങ്ങളിലൂടെ വിതരണം ചെയ്യുന്ന 12 കിലോഗ്രാം പാചകവാതകത്തിനു (ഡൊമസ്റ്റിക് കണക്ഷൻ) 152 രൂപയാണ് ഉപഭോക്താക്കളിൽ നിന്ന് കൺസ്യൂമർ ഫെഡറേഷൻ ഇപ്പോൾ ഈടാക്കി വരുന്നത്. ഇത് ഐ.ഒ.സി. ഭാരത് പെട്രോളിയം തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഈടാക്കുന്ന അതേ നിരക്കാണ്.

(എച്ച്) സഹകരണ സ്ഥാപനങ്ങളിലൂടെ കൺസ്യൂമർ ഫെഡറേഷൻ നേരിട്ടു നൽകുന്ന നീതി ഗ്യാസ് ബ്രാൻഡ് നെയിമോടു കൂടിയ പാചകവാതക കണക്ഷൻ 2000 മെയ് 26 മുതൽ നൽകി തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ ഒരു മാസം കൊണ്ട് 10,334 ഉപഭോക്താക്കൾക്ക് ഗ്യാസ് കണക്ഷൻ നൽകി കഴിഞ്ഞു. അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം കണക്ഷൻ നൽകുവാൻ ഫെഡറേഷൻ ഉദ്ദേശിക്കുന്നുണ്ട്.

ലേബർ അജണ്ട 2000

21 (*201) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. എസ്. സുപാൽ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന തൊഴിൽ വകുപ്പു പ്രഖ്യാപിച്ചിട്ടുള്ള ലേബർ അജണ്ട 2000 അനുസരിച്ച് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) സംസ്ഥാന തൊഴിൽ വകുപ്പ് രൂപീകരിച്ച ഒന്നാം ലേബർ കമ്മീഷന്റെ ഘടന എപ്രകാരമാണ് ; ഇതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുമായി ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ട്രേഡ് യൂണിയൻ സംഘടനകളുടെ അഭിപ്രായങ്ങൾ പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഏപ്രിൽ 8 ന് എറണാകുളത്ത് വച്ച് നടന്ന ഒന്നാം ലേബർ കോൺഫറൻസിൽ ആരൊക്കെയാണ് പങ്കെടുത്തത് ; കോൺഫറൻസിന്റെ തീരുമാനങ്ങൾ എന്തൊക്കെയാണ് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) തൊഴിൽ മേഖല ആകെ പുനഃസംഘടിപ്പിച്ച് തൊഴിലാളി ക്ഷേമത്തിന് വിവിധ ആസൂത്രിത പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുള്ള ഒരു കർമ്മ പദ്ധതിയാണ് ലേബർ അജണ്ട 2000. പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. †

(ബി) ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ സംസ്ഥാന ഒന്നാം ലേബർ കമ്മീഷനായി നിയമിക്കാൻ തത്വത്തിൽ തീരുമാനമാക്കിയിട്ടുണ്ട്. ഇതിന്റെ ഘടനയെയോ പ്രവർത്തനങ്ങളെയോ സംബന്ധിച്ച് തീരുമാനമൊന്നും ആയിട്ടില്ല.

(സി & ഡി) തീരുമാനമായിട്ടില്ല.

(ഇ) തൊഴിലാളി തൊഴിൽദായക സർക്കാർ പ്രതിനിധികളും വ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മറ്റു പ്രതിനിധികളുമാണ് പങ്കെടുത്തത്. കോൺഫറൻസിന്റെ തീരുമാനങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. †

സഹകരണ മേഖലയിൽ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകൾ

22 (*202) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എം .പി. വർഗ്ഗീസ് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം III & III (a)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

[27-6-2000 -ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 21 (*201) ദയവായികാണുക]

കേരള സർക്കാർ - തൊഴിൽ വകുപ്പ് ലേബർ അജണ്ട - 2000

പുതിയ നൂറ്റാണ്ടിലേക്കു പ്രവേശിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ ക്ഷേമവും വികസനവും ഉറപ്പു വരുത്താൻ ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കർമ്മ പദ്ധതിയാണ് ലേബർ അജണ്ട - 2000.

ലേബർ അജണ്ട - 2000-ൽ ഉൾപ്പെടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തൊഴിലാളികൾക്ക് അവശ്യഘട്ടങ്ങളിൽ അനായാസമായി ചെറുകിട വായ്പ ലഭ്യമാക്കാനും അവരെ കടക്കെണിയിൽ നിന്നും മോചിപ്പിക്കാനും ഒരു ലേബർ ബാങ്ക് സ്ഥാപിക്കും.

2. വ്യവസായ തർക്ക നിയമങ്ങളിലും ട്രേഡ് യൂണിയൻ നിയമങ്ങളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുവാൻ ആവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ നൽകാൻ ഒരു ലേബർ കമ്മീഷൻ രൂപീകരിക്കും.

3. എല്ലാ തൊഴിലാളികൾക്കും വീട് ഉറപ്പാക്കാൻ വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കും.

4. തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കും.

5. തൊഴിലാളികളുടെ മക്കൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ ഒരു ലേബർ അക്കാഡമി സ്ഥാപിക്കും.

6. ആഗോളവൽക്കൃത സമൂഹത്തിൽ തൊഴിലാളി താൽപര്യം സംരക്ഷിക്കാനും പുത്തൻ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകി തൊഴിലാളികളെ പ്രാപ്തരാക്കാനും തൊഴിൽ രംഗത്ത് ഗവേഷണ പഠനങ്ങൾ നടത്താനുമായി അന്തർദേശീയ നിലവാരത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ റിലേഷൻസ് ആന്റ് മാനേജ്മെന്റ് സ്ഥാപിക്കും. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് പുനഃസംഘടിപ്പിച്ചായിരിക്കും ഇത് നടപ്പിലാക്കുക.

7. വിവിധ ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കാനും അവയുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദമാക്കാനും ഒരു ലേബർ അതോറിറ്റി രൂപീകരിക്കും.

8. തൊഴിലാളികളുടെ ആരോഗ്യ പരിപാലനം കൂടുതൽ കാര്യക്ഷമമാക്കാൻ സംസ്ഥാനത്തു മാത്രമായി ഒരു ഇ.എസ്.ഐ. കോർപ്പറേഷൻ രൂപീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

9. പൂട്ടിയിട്ട തൊഴിൽ ശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കും.

10. തൊഴിൽ രംഗത്തെ അതിപ്രധാനമായ പ്രശ്നങ്ങളിൽ അഭിപ്രായ സമന്വയം ഉണ്ടാക്കിയെടുക്കാൻ തൊഴിലാളി തൊഴിലുടമ പ്രതിനിധികളും സർക്കാരും ഉൾപ്പെട്ട ഒരു ത്രികക്ഷി സംവിധാനമായി സംസ്ഥാനതല ലേബർ കോൺഫറൻസ് സംഘടിപ്പിക്കും.

11. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വൈദ്യ സഹായം എത്തിക്കാൻ ഒരു മെഡിക്കൽ റിലീഫ് ഫണ്ട് രൂപീകരിക്കും.

12. തൊഴിൽ രംഗം കൂടുതൽ ചലനാത്മകമാക്കാനും ലേബർ അജണ്ട യെപ്പറ്റി ബോധവൽക്കരണം നടത്താനുമായി 2000-ാമാണ്ട് തൊഴിൽ വർഷമായി ആചരിക്കും.

അനുബന്ധം - III (a)

8-4-2000-ൽ എറണാകുളത്ത് ലേബർ അജണ്ട സംബന്ധിച്ച് നടന്ന സമ്മേളനം കൈക്കൊണ്ട തീരുമാനങ്ങൾ.

1. സംസ്ഥാന തൊഴിൽ സമ്മേളനം "ലേബർ അജണ്ട 2000 " എന്ന കർമ്മ പദ്ധതി ഏകകണ്ഠമായി ശരിവയ്ക്കുന്നു. അതേ സമയം അജണ്ടയിലെ നിർദ്ദേശങ്ങളുടെ വിശദാംശങ്ങളിൽ കൂടുതൽ ചർച്ച നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

2. ലേബർ അജണ്ട 2000-ന്റെ നടപ്പാക്കൽ സമയബന്ധിതമാക്കണം.

3. തൊഴിലാളി വിദ്യാഭ്യാസം, പരിശീലനം എന്നിവയുടെ പ്രോൽസാഹനത്തിന് ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കണം. ഇതിനായി സർക്കാരിൽനിന്നും യുക്തമായ വിഹിതം നൽകുന്നതോടൊപ്പം അധികമായി ആവശ്യം വരുന്ന തുക തൊഴിലുടമകളിൽ നിന്നും സമാഹരിക്കേണ്ടതാണെന്ന് സമ്മേളനം നിർദ്ദേശിക്കുന്നു.

4. തൊഴിലാളികളുടെ മനോഭാവം മാറ്റിയെടുക്കാനും ക്രിയാത്മകമാക്കാനും തൊഴിലാളികൾക്ക് വിദ്യാഭ്യാസം, പരിശീലനം പുനഃപരിശീലനം എന്നിവ ലഭ്യമാക്കാനും ഉതകുംവിധം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ സേവനനിലവാരം ഉയർത്തുകയും സ്ഥാപനം പുനഃസംഘടിപ്പിക്കുകയും ചെയ്യണം.

5. ഹൈക്കോടതിയിൽ ദീർഘനാളായി പരിഗണനയിലുള്ള തൊഴിൽ തർക്കക്കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക ബഞ്ച് രൂപവൽക്കരിക്കണമെന്ന് ചീഫ് ജസ്റ്റീസിനോട് സർക്കാർ ആവശ്യപ്പെടണമെന്നും നീതിമേള, തൊഴിൽ അദാലത്ത് എന്നിവ സംഘടിപ്പിച്ച് തൊഴിലാളി നഷ്ടപരിഹാരം, ഗ്രാറ്റുവിറ്റി തുടങ്ങിയവ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച കേസ്സുകൾ തീർപ്പാക്കാൻ നടപടി ത്വരിതപ്പെടുത്തണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.

6. സംസ്ഥാനതലത്തിൽ ലേബർ അപ്പലേറ്റ് ട്രിബൂണൽ (എൽ.എ.റ്റി) രൂപവൽക്കരിക്കാനുള്ള നിർദ്ദേശത്തോട് യോജിക്കുന്നു. ഭരണഘടനയുടേയും തൊഴിൽ നിയമങ്ങളുടേയും ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ട് തൊഴിൽ വ്യവസായ തർക്കങ്ങൾക്ക് സത്വര പരിഹാരം കാണാനാകുംവിധം നിയമങ്ങൾക്കും ചട്ടങ്ങൾക്കും രൂപം നൽകാൻ നടപടി സ്വീകരിക്കണം. വ്യവസായ തർക്ക നിയമത്തിലെ 10 (ബി) വ്യവസ്ഥ (ഇപ്പോൾ അപൂർവ്വമായി മാത്രം ഉപയോഗിക്കുന്നത്) ഉപയോഗിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കാണിത്. തർക്ക പരിഹാരത്തിനുള്ള പരിഹാര നടപടിയായി ആർബിട്രേഷനെ പ്രോത്സാഹിപ്പിക്കണം എന്നും ശുപാർശ ചെയ്തു.

7. കേന്ദ്ര ട്രേഡ് യൂണിയനുകളുമായി വേണ്ടത്ര ചർച്ചകൾ നടത്താതെ തൊഴിൽ നിയമങ്ങളിൽ വരുന്ന ത്വരിത ഗതിയിലുള്ള പരിഷ്ക്കാരങ്ങളിലും പുത്തൻ സാമ്പത്തിക നയത്തിന്റെയും എക്സിം പോളിസിയുടേയും ഭാഗമായുള്ള പുതിയ പ്രവണതകളിലും പൊതുമേഖലാ സ്ഥാപനങ്ങളിൽ പോലും കരാർ വ്യവസ്ഥയിൽ തൊഴിൽ എടുപ്പിക്കുന്ന രീതി ശക്തമായി കണ്ടു വരുന്നതിലും കോൺഫറൻസ് ആശങ്ക പ്രകടിപ്പിച്ചു. തൊഴിലാളികളിലും തൊഴിലുടമകളിലും ഇക്കാര്യത്തിൽ കാണുന്ന ആശങ്കകൾ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾക്കായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ കോൺഫറൻസ് സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തു.

8. കുറഞ്ഞ കൂലി സംബന്ധിച്ച നിരക്കുകൾ സമയബന്ധിതമായി പരിഷ്ക്കരിക്കാനും പ്രസിദ്ധീകരിക്കാനും പ്രാവർത്തികമാക്കാനും നടപടി ആവശ്യമാണ്. തൊഴിലാളികൾക്ക് സാമ്പത്തിക നഷ്ടം വരുത്താൻ ഇടവരുത്താതെ ജീവിത നിലവാര സൂചിക കാലാകാലങ്ങളിൽ പരിഷ്ക്കരിക്കേണ്ടതാണ്.

9. രോഗഗ്രസ്ത വ്യവസായങ്ങളുടെ രക്ഷക്കായി ഇപ്പോഴുള്ള ബി. ഐ. എഫ് ആർ സംവിധാനം ഫലപ്രദമല്ലെന്നും അതിനു കാരണം ജുഡിഷ്യൽ അധികാരം ഈ ഏജൻസിക്ക് നൽകാത്തതാണെന്നും കോൺഫറൻസ് വിലയിരുത്തി. സംസ്ഥാനതലത്തിൽ പകരം സംവിധാനത്തെക്കുറിച്ചും ചർച്ച ചെയ്യേണ്ടതാണ്. പ്രാഥമിക തലത്തിൽതന്നെ മാനേജ്മെന്റിന്റെയും തൊഴിലാളികളുടേയും പങ്കാളിത്തത്തോടെയുമുള്ള വികേന്ദ്രീകൃത ത്രികക്ഷി സംവിധാനം ഏർപ്പെടുത്തുക വഴി, രോഗഗ്രസ്ത വ്യവസായങ്ങളുടെ കാരണം കണ്ടെത്തി അത് അടിയന്തിരമായി തടഞ്ഞ് വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിക്കാവുന്നതാണ്. രോഗഗ്രസ്ത വ്യവസായം നിർണ്ണയിക്കാൻ നിലവിലുള്ള സംവിധാനം പര്യാപ്തമല്ല. അനുയോജ്യമായ ഒരു ത്രികക്ഷി സംവിധാനമുണ്ടായി രോഗഗ്രസ്ത വ്യവസായങ്ങളുടെ സ്ഥിതി തുടർച്ചയായി നിരീക്ഷിക്കാനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്.

10. തൊഴിൽമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു ത്രികക്ഷി സംവിധാനം "സ്റ്റേറ്റ് ലേബർ കൗൺസിൽ" എന്ന നാമത്തിൽ രൂപവൽക്കരിക്കണമെന്ന് കോൺഫറൻസ് ശുപാർശ ചെയ്തു. ദേശീയ ലേബർ കോൺഫറൻസിന് മുന്നോടിയായി വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും കൗൺസിൽ സമ്മേളിക്കേണ്ടതാണ്. സംസ്ഥാന സർക്കാർ, ദേശീയ കോൺഫറൻസിൽ സൃഷ്ടിപരമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ ഈ നിർദ്ദേശം സഹായകരമാണ്. നിർദ്ദിഷ്ട കൗൺസിലിന്റെ വലിപ്പം കണക്കിലെടുത്ത് അത്യാവശ്യമുള്ള തീരുമാനങ്ങൾ കൈക്കൊള്ളാൻ കൗൺസിലിന്റെ ഒരു "സ്റ്റാന്റിംഗ് കമ്മിറ്റി" രൂപവൽക്കരിക്കുന്നത് ഉചിതമായിരിക്കും. ഈ സമിതി കൂടെക്കൂടെ യോഗം ചേരണം.

11. നിർദ്ദിഷ്ട ലേബർ ടേംസ് ഓഫ് റഫറൻസ് നിശ്ചയിക്കാൻ വ്യവസായ തൊഴിൽ മേഖലയിലെ ബന്ധപ്പെട്ട എല്ലാവരുമായി സർക്കാർ ചർച്ച നടത്തുന്നത് അഭികാമ്യമാണ്.

അനുബന്ധം - IV

[27-6-2000 - ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2 (825) ദയവായികാണുക]

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ.

1. കൃഷിഭൂമി വായ്പാ പദ്ധതി
2. ബെനിഫിഷറി ഓറിയന്റ്സ് സ്കീം
3. കോൺക്രീറ്റ് മെറ്റീരിയൽസ് യൂണിറ്റ്
4. വിദ്യാഭ്യാസ ലോൺ
5. വിദേശ തൊഴിൽ പദ്ധതി
6. ആട് വളർത്തൽ പദ്ധതി
7. വ്യക്തിഗത പദ്ധതികൾ
8. മാർജിൻമണി ഡെപ്പോസിറ്റ് സ്കീം

LIBRARY ARCHIVES Kerala Legislative Assembly